LIBRARY ARCHIVES Kerala Legislative Assembly

അന്യ സംസ്ഥാന, വ്യാജ ലോട്ടറികളുടെ വിൽപ്പന

114 (1699) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "കേരള ഭാഗക്കുറി" സംരക്ഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) കേരള ഭാഗ്യക്കുറി വിൽപ്പന വർദ്ധിപ്പിക്കുന്നതിനും അതിലൂടെ വികലാംഗർ ഉൾപ്പെടെയുള്ള ലോട്ടറി വിൽപ്പനക്കാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ഭാഗ്യക്കുറികളുടെ എണ്ണം ആഴ്ചയിൽ ഒന്നാക്കി (വിൻ-വിൻ) ചുരുക്കിയ സാഹചര്യത്തിൽ സംസ്ഥാന ഭാഗ്യക്കുറിയുടെ സംരക്ഷണാർത്ഥം ലോട്ടറികളുടെ അച്ചടി 15 ലക്ഷത്തിൽ നിന്നും 45 ലക്ഷമായി ഉയർത്തുകയും ഏജന്റ്സ് കമ്മീഷൻ 30 ശതമാനത്തിൽ നിന്ന് 35 ശതമാനമാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന ഏജന്റുമാർക്കും വില്പനക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തുകയും വിവിധ പെൻഷനുകൾ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, വായ്പാ സൗകര്യം എന്നീ ക്ഷേമ പദ്ധതികളിലൂടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയും ഇതിനായി ക്ഷേമനിധി അംഗങ്ങൾ നിശ്ചിത കുറഞ്ഞ എണ്ണം ടിക്കറ്റ് വിൽക്കണമെന്ന് വ്യവസ്ഥ ചെയ്യുകയുംവഴി ക്ഷേമനിധി അംഗങ്ങൾ കേരള ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കപ്പെടുവാൻ പ്രേരിപ്പിക്കപ്പെടുകയും ടിക്കറ്റ് വില്പന വർദ്ധിക്കുന്നതിന് സഹായമാകുകയും ചെയ്തിട്ടുണ്ട്.

(ബി) ക്ഷേമനിധി അംഗങ്ങൾക്ക് ടിക്കറ്റ് വില്പനയ്ക്ക് വായ്പാ അനുവദിക്കുക, ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക, എന്നീ നടപടിക്രമങ്ങൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ലോട്ടറിത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

115 (1700) ശ്രീ. പി. ജയരാജൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. സാജു പോൾ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോട്ടറി ടിക്കറ്റ് വിൽപ്പന കുറഞ്ഞതുമൂലം ലോട്ടറിത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ലോട്ടറിത്തൊഴിലാളി ക്ഷേമനിധി അംഗത്വ വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;.